Draft #2 of File 16972/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 19-May-2020 06:36 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേമ്പറിൽ വച്ച് 19.05.2020 ഉച്ചയ്ക്ക് 12.15 മണിക്ക് കൂടിയ യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച്.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2115/EA 2/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 19.05.2020

---

*പരാമർശം:-*പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേമ്പറിൽ വച്ച് 19.05.2020 ഉച്ചയ്ക്ക് 12.15 മണിക്ക് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>**ഉത്തരവ്**</u>

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറുടെ ചേമ്പറിൽ വച്ച് 19.05.2020 ഉച്ചയ്ക്ക് 12.15 മണിക്ക് കൂടിയ യോഗം , ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

1. സർവകലാശാലക്ക് പുറത്തുള്ള ജില്ലകളിൽ 10 പരീക്ഷാ സെന്ററുകൾ കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ നൽകുന്ന ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കുന്നതിനും പ്രസ്തുത സെന്ററുകളിലേക്ക് ഇത് സംബന്ധിച്ച് കത്ത് മുഖാന്തരം അറിയിക്കുന്നതിനും പരീക്ഷാ കൺ ട്രോളറെ ചുമതലപ്പെടുത്തി.
2. സർവകലാശാലാ പരിധിക്കുള്ളിൽ വരുന്ന കുട്ടികൾക്ക് അവർ താമസിക്കുന്ന ജില്ലയിൽ സർവകലാശാല നിശ്ചയിക്കുന്ന സെന്ററിൽ പരീക്ഷ എഴുതുന്നതിനുള്ള അവസരം നൽകുന്നതിന് തീരുമാനിച്ചു.
3. സർവകലാശാലാ പരിധിക്ക് പുറത്തുള്ള സെന്ററുകളിലേക്ക് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലികൾക്ക് രണ്ട് സർവകലാശാലാ ജീവനക്കാരെ വീതം ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.
4. സർവകലാശാലാ പരിധിക്ക് പുറത്തുള്ള സെന്ററുകളിൽ നിയമിക്കപ്പെടുന്നവർക്ക് പരീക്ഷാ നടത്തിപ്പിനായി മുൻകൂർ തുക അനുവദിക്കുവാൻ തീരുമാനിച്ചു.
5. പരീക്ഷാ നടത്തിപ്പിനുള്ള ഉത്തരക്കടലാസുകൾ വെള്ളിയാഴ്ച്ച എല്ലാ സെന്ററുകളിലും എത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
6. മെയ് 26, 27, 28, 29 തീയതികളിൽ പരീക്ഷ പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.
7. ജൂൺ 2, 3, 4 തീയതികളിലായി എല്ലാ പ്രാക്ടിക്കൽ പരീക്ഷകളും പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ചെയർമാന്മാരെ അറിയിക്കേണ്ടതാണ്.
8. പരീക്ഷ തീരുന്ന മുറക്ക് സീൽ ചെയ്ത ഉത്തരക്കടലാസുമായി ചുമതലയുള്ള ജീവനക്കാർ തിരികെ വരേണ്ടതാണ്.
9. മറ്റ് ജില്ലകളിലെ പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്നവർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് സിസ്റ്റം മാനേജരെ ചുമതലപ്പെടുത്തി. സോഫ്റ്റ് വെയർ 21.05.2020 ന് 02.00 മണിക്ക് മുൻപായി ആക്ടിവേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

10. ലക്ഷദ്വീപിൽ നിന്നുള്ള സർവകലാശാലാ വിദ്യാർഥികൾക്ക് ലക്ഷദ്വീപിൽ തന്നെ അഡ്മിനിസ്ട്രേറ്റർ നിർദ്ദേശിക്കുന്ന കേന്ദ്രം പരീക്ഷാ കേന്ദ്രമാക്കി പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചു.

11. ലക്ഷദ്വീപിലെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലികൾക്ക് രണ്ട് സർവകലാശാലാ ജീവനക്കാരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിമ്മി ലൂയിസ്

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺ ട്രോളർ എന്നിവരുടെ പി. എ മാർ
3. ഡോ. ആർ. പ്രഗാഷ്, പരീക്ഷാ ഉപസമിതി ചെയർമാൻ
4. CE's സെക്ഷൻ/ എ .സി .സി I/II/ EA I സെക്ഷൻ
5. സിസ്റ്റം മാനേജർ( i/c)
6. എല്ലാ ജെ.ആർ/ഡി. ആർ/എ.ആർ(പരീക്ഷ)
7. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
8. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

Draft #2 of File 16972/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 19-May-2020 06:36 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം